# പാലക്കാടിനെ തകർക്കുന്ന സ്മെൽട്ടറുകൾക്ക് സൗജന്യ വൈദ്യുതി

സി.ആർ.നീലകണ്ഠൻ നമ്പൂതിരി

'നാമുണ്ടില്ലെങ്കിലും അതിഥിയെ ഊട്ടണം' എന്ന ആതിഥ്യമര്യാദ കാണണമെങ്കിൽ പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ ചെല്ലണം. ഇവിടെ നാട്ടുകാരല്ല ആതിഥേയർ, സർക്കാരാണ്. നൽകുന്നത് ഭക്ഷണമല്ല, വൈദ്യുതിയാണ്. 1998വരെ നമ്മുടെ നാട്ടിൽ വ്യവസായങ്ങൾക്ക് 'പവർകട്ട്' ഉണ്ടായിരുന്നു. കഴിഞ്ഞ നവമ്പർവരെ വീടുകൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും ലോഡ്ഷെഡിങ്ങുമുണ്ടായിരുന്നു. എന്നാൽ ഇത്തരം ദാരിദ്ര്യങ്ങൾക്കിടയിലും ഇന്നാട്ടിൽ സമൃദ്ധമായി വൈദ്യുതി ഉപയോഗിച്ചുകൊണ്ടിരുന്ന ചില വ്യവസായയൂണിറ്റുകളുണ്ട് - സ്മെൽട്ടറുകൾ. ഇവയുടെ ഉടമസ്ഥരെല്ലാംതന്നെ അന്യനാട്ടുകാർ - മറ്റു വ്യവസായങ്ങളിൽ പലതിലുമെന്നപോലെ നാട്ടുകാരുടെ കുടിവെള്ളം, ആരോഗ്യം, കൃഷി തുടങ്ങിയ ജീവിതത്തിന്റെ അടിസ്ഥാന പാരിതസ്ഥിതിക ഘട്ടങ്ങളെല്ലാം ഇവിടെയും തകർക്കപ്പെടുന്നു. ഇതിനുംപുറമെ അഴിമതികളെല്ലാം നടത്തി ദിനംപ്രതി ലക്ഷക്കണക്കിനു രൂപ ലാഭമുണ്ടാക്കുകയാണ് ഇതിന്റെ ഉടമകൾ.

നെന്മാറയിലെ കവിത കാർബൈഡ്സ്, തേങ്കുറിശി പഞ്ചായത്തിലെ കെ.ആർ.അലോയ്സ്, നാട്ടുകൽ പഞ്ചായത്തിലെ അഗ്നിസ്റ്റീൽസ്, ദി റോളേഴ്സ്, എലപ്പുള്ളിയിലെ ഇൻഡ്സിൽ ഇലക്ട്രോമിൽസ്, പെരുമാട്ടിയിലെ നാലു കമ്പനികൾ (പെരുമാൾ അലോയ്സ്, അരംഗ അലോയ്സ്, എസ്.ആർ.ഇ.റിറോളേഴ്സ്, പാലമലൈ സ്റ്റീൽസ്) കൊഴിഞ്ഞാമ്പാറയിലെ ബത്താരിയമ്മൻ സ്റ്റീൽസിന്റെ രണ്ടു കമ്പനികൾ, അകത്തേത്തറയിലെ ഒരെണ്ണം തുടങ്ങിയവ ഈ വ്യവസായങ്ങളിൽ ചിലതു മാത്രം. ഇവയെല്ലാം പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. പൂർണതോതിൽ വർഷങ്ങളായി പ്രവർത്തിക്കുന്നവ മുതൽ ഇനിയും തുടങ്ങാത്തവയും പ്രവർത്തനം നിർത്തിപോയവയും ഇതിലുണ്ട്.

വൈദ്യുതിപ്രവാഹം ഉപയോഗിച്ച് ലോഹങ്ങളും മറ്റും ഉരുക്കുന്ന ആർക്ക് ഫർണസുകളാണ് ഈ കമ്പനിയിലെ ഏറ്റവും പ്രധാനഘടകം. വൈദ്യുതി വാഹകങ്ങൾക്കിടയിൽ അൽപം വിടവുണ്ടായാൽ അവിടെ തീ പാറുന്നത് (ആർക്ക്) കണ്ടിട്ടില്ലേ? ഇവിടെ ഒരു വൈദ്യുതി പാതയുടെ രണ്ടറ്റങ്ങൾ (രണ്ട് ഇലക്ട്രോഡുകൾ) ഒരു പ്രത്യേക അകലത്തിൽ വച്ച് അതിലുണ്ടാകുന്ന തീയ്യിൽ ആണ് സ്ക്രാപ് (പഴയ തുരുമ്പിച്ച ഇരുമ്പ്), ലോഹസങ്കരങ്ങൾ, ചുണ്ണാമ്പുകല്ല്, ലോഹാംശമുള്ള വസ്തുക്കൾ, കരി, ടാർ മുതലായവ ഉരുക്കുന്നത്.

(ശേഷം മൂന്നാം പേജിൽ)

# പാലക്കാടിനെ തകർക്കുന്ന സ്മെൽട്ടറുകൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ഇതുവഴി മാലിന്യങ്ങളെ മാറ്റി ശുദ്ധലോഹമോ സങ്കരലോഹമോ ഉണ്ടാക്കുന്നു. ഇരുമ്പ്, ഫെറോസിലിക്കൺസ്, മാംഗനീസ് തുടങ്ങിയവ വ്യാവസായികാവശ്യങ്ങൾക്കുപയോഗിക്കുന്നവയാണ്.

ഈ ഉരുകലിന്റെ സാധാരണ താപനില 1500 മുതൽ 3000 വരെ ഡിഗ്രി സെൽഷ്യസ് ആണ്. ഇതിനായി ഏതാണ്ട് 20,000 ആംപിയർ വൈദ്യുതി പ്രവഹിക്കണം. ഒരു യൂണിറ്റ് പ്രവർത്തിക്കാൻ പ്രതിദിനം ശരാശരി ഒരു ലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമാണ്.

ആർക്കു തൊഴിൽ ?

നാട്ടിൽ തൊഴിലവസരങ്ങളുണ്ടാകും എന്നതിനാലാണല്ലോ അൽപം പരിസ്ഥിതി നാശമുണ്ടാകുമെന്നറിഞ്ഞിട്ടും പലരും വ്യവസായങ്ങളെ സ്വാഗതം ചെയ്യുന്നത്. എന്നാൽ പകുതി തുറന്ന (സെമി ഓപ്പൺ) ഈ ആർക്ക് ഫർണസിനടുത്ത് നിന്നു തുടർച്ചയായി ജോലി ചെയ്യാൻ മലയാളികളെന്നല്ല മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവർപോലും തയ്യാറാകില്ല. ഈ യൂണിറ്റുകളിൽ ഈ ജോലിക്കു നിർത്തിയിരിക്കുന്നവർ എല്ലാം ബീഹാർ, ഒറീസ സംസ്ഥാനങ്ങളിൽ നിന്നുമുള്ള അക്ഷരാഭ്യാസം പോലുമില്ലാത്ത ദരിദ്രയുവാക്കളാണ്. തീർത്തും മനുഷ്യത്വഹീനമാണ് ഈ തൊഴിൽ സ്ഥലം. രണ്ടുമണിക്കൂർപോലും തുടർച്ചയായി ഒരാളെ നിർത്താൻ പാടില്ലാത്ത ഈ വൻ അടുപ്പിനരികിൽ പന്ത്രണ്ടു മണിക്കൂറാണിവർ ജോലി ചെയ്യുന്നത്. പുറത്തുപോകാൻ കഴിയാത്ത ചാളകൾപോലെയുള്ള വീടുകളിലാണ് ഇവരെ താമസിപ്പിച്ചിരിക്കുന്നത്. തദ്ദേശീയരുമായി ഒരു ബന്ധവും സ്ഥാപിക്കാൻ ഇവരെ അനുവദിക്കില്ല. ലീവ് അനുവദിച്ച് പോകുന്ന സമയത്തു മാത്രമേ ഇവരുടെ കൂലി പണമായി നൽകുകയുള്ളൂ. ഈ പീഡനം സഹിക്കവയ്യാതെ നാട്ടുകാരിൽ ചിലരുടെ സഹായത്തോടെ ഒളിച്ചോടിയവർമുണ്ട്.

എവിടെനിന്നു കിട്ടിയ സ്ക്രാപ്പും ഇതിൽ ഉരുക്കും. ഇറക്കുമതി ചെയ്യുവയും മോഷണം നടത്തി ലഭിക്കുന്നവയും നിരോധിക്കപ്പെട്ട സംഘടനകൾ നൽകുന്നവയുമെല്ലാം. ഒരിക്കൽ ഒരു ഫർണസിൽ ഒരു വൻ പൊട്ടിത്തെറിയുണ്ടായി. എൽ.ടി.ടി.ഇ.ക്കാർ ഉപേക്ഷിച്ചുപോയ സ്ഫോടകവസ്തുക്കളും അതിലുണ്ടായിരുന്നത്രേ! രണ്ടു കിലോമീറ്റർ ദൂരത്തേക്കുവരെ സ്ഫോടനത്തിന്റെ ശബ്ദം കേട്ടു. ചിലർ തൽക്ഷണം മരിച്ചു. ചുരുങ്ങിയത് അഞ്ചുപേർക്കെങ്കിലും മാരകമായി പൊള്ളലേറ്റു. പക്ഷെ ഇക്കാര്യം ആരേയും അറിയിക്കാതെ കഴിക്കാൻ ഉടമക്കായി. ആംബുലൻസിൽ ശരീരങ്ങൾ കയറ്റി പൊള്ളാച്ചിക്കു കടത്തി. നാട്ടിലെ ആശുപത്രികളിലോ പൊലീസ് സ്റ്റേഷനിലോ ഇതു സംബന്ധിച്ച യാതൊരു രേഖകളുമില്ല. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലായിരുന്നെന്നും വലുതും ചെറുതുമായ പല സ്ഫോടനങ്ങളും നടക്കാറുണ്ടെന്നും ഓരോ പ്രദേശത്തുള്ളവരും പറയുന്നു. ഈ സ്ഥാപനങ്ങളിൽ തണുത്തുറഞ്ഞു കട്ടിയായ ലോഹക്കഷണങ്ങൾ അട്ടക്കിപ്പെറുക്കി ലോറിയിൽ കയറ്റുന്നതു മാത്രമാണ് നാട്ടുകാരുടെ ജോലി.

നാട്ടുകാർക്കു ശാപം മാത്രം

വ്യവസായങ്ങളെ എതിർക്കുന്നതിൽ പല സ്ഥലത്തും ജനങ്ങൾക്കിടയിൽ രണ്ടഭിപ്രായമുണ്ടാകാറുണ്ട്. എന്നാൽ ഈ വ്യവസായങ്ങളുടെ കാര്യത്തിൽ എല്ലായിടത്തും ജനങ്ങൾ ഒറ്റക്കെട്ടായി എതിർപ്പു പ്രകടിപ്പിക്കുന്നു. ഈ പ്രദേശങ്ങളിലെ താപനില ക്രമാതീതമായി വർദ്ധിക്കുന്നു, ജലാശയങ്ങൾ വറ്റിപ്പോകുന്നു, കുടിവെള്ളം മുട്ടുന്നു, ചെടികളും വൃക്ഷങ്ങളും ഉണങ്ങുന്നു, കൃഷി അസാദ്ധ്യമാകുന്നു, വായുവിൽ കരിയും പൊടിപടലങ്ങളും പടരുന്നു (തുറന്നുവച്ച കഞ്ഞി കുടിക്കാനാവാത്ത അവസ്ഥ.), ഇവക്കായി തീർത്ത കുഴൽക്കിണറുകൾ വരുത്തുന്ന നാശം, മലിനജലം വയലിലേക്കൊഴുക്കൽ, ശബ്ദശല്യം, അർബുദമടക്കമുള്ള വിവിധ രോഗങ്ങൾ ഇവയെല്ലാം നാട്ടുകാരുടെ നേട്ടം.

നെൽകൃഷിയും സിൽക്ക് ബോർഡിന്റെ മൾബറി കൃഷിയും നശിച്ചു. വായുവിൽ ഇരുമ്പുപൊടിയുള്ളതിനാൽ ചെടികളിൽ ക്രോസ്-പോളിനേഷൻ (പരാഗണം) നടക്കുന്നില്ലെന്നു വിദഗ്ദർ കണ്ടെത്തി. ഏറ്റവും ചെറുക്കൽശേഷിയുള്ള പുളിമരത്തിൽപോലും കായ്ഫലമില്ലാത്ത 'പേട്ട് ' പുളിയുണ്ടാകുന്നു. നെൽകൃഷിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പുരസ്കാരങ്ങൾ നേടിയ പഞ്ചായത്താണ്. തേങ്കുറുശി ഇപ്പോഴിവിടെ നെൽകൃഷി അസാദ്ധ്യമാകുന്നത് ഈ തരത്തിൽപ്പെട്ട ഒരു കമ്പനിയാണ്. ജലസേചനത്തിനുവേണ്ടി കർഷകർ നടത്തിയ മുറവിളികളും ട്രാൻസ്ഫോർമറുകളും. എന്നാൽ ഇതിന്റെ പ്രയോജനം ലഭിച്ചത് ഈ കറന്റ് തീനി വ്യവസായത്തിനാണ്. അവർ പ്രവർത്തിക്കുന്നതിനാൽ പമ്പുകൾക്കു പ്രവർത്തിക്കാനാവശ്യമായ വൈദ്യുതി (വോൾട്ടേജ്) കിട്ടുന്നില്ല.

എന്തുകൊണ്ടിവർ കേരളത്തിലെത്തുന്നു ?

നമ്മുടെ പ്രമുഖ മാദ്ധ്യമങ്ങളും വിദഗ്ധരും പറയുന്നത്, വ്യവസായങ്ങൾ കേരളം വിട്ടുപോകുന്നവെന്നാണ്. എന്നാൽ ഈ 'സ്മെൽട്ടർ' വ്യവസായികൾ മറ്റു സംസ്ഥാനത്തു നിന്നും ഇവിടെ വരുന്നതിനു കാരണം, നാം കുറഞ്ഞ വിലക്കു നൽകുന്ന വൈദ്യുതിതന്നെയാണ്. കേരളത്തിലെ കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള രാസവസ്തു നിർമ്മിക്കുന്ന പൊതുമേഖലാസ്ഥാപന(ടി.സി.സി.)ത്തിനുപോലും 'പവർകട്ട് ' ഏർപ്പെടുത്താനും വൈദ്യുതി വില കൂട്ടാനും സർക്കാർ മടി കാണിക്കാതിരുന്നപ്പോഴും ഈ 'വൈദ്യുതാധിഷ്ഠിത വ്യവസായങ്ങൾ'ക്ക് നാം ചുവന്ന പരവതാനി വിരിച്ചു. തമിഴ്നാട്, ആന്ധ്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ 'നെഗറ്റീവ് ലിസ്റ്റിൽ' (അധിക വൈദ്യുതി-മലിനീകരണം-കുറഞ്ഞ തൊഴിൽ ലഭ്യത എന്നിവ മൂലം) പെടുത്തിയ വ്യവസായങ്ങളാണിവ. ഇവക്കുള്ള വൈദ്യുതിയുടെ വില മറ്റു വ്യവസായങ്ങളുടേതിന്റെ രണ്ടും മൂന്നും മടങ്ങാണവിടെ. എന്നാൽ നമ്മൾ ഇവർക്ക് വൈദ്യുതി നൽകുന്നത് യൂണിറ്റിന് അമ്പത്തഞ്ചു പൈസക്കാണ്. അതിന് അഞ്ചും ഏഴും വർഷത്തേക്ക് കരാർ ഒപ്പിടാനും അന്നത്തെ വ്യവസായ-വൈദ്യുതി മന്ത്രിമാർ തയ്യാറായി. അന്നുതന്നെ നമുക്കു വീടുകളിൽ ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് ഒരുരൂപയിലേറെ വിലയുണ്ടായിരുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു യൂണിറ്റ് വൈദ്യുതി വിലയിൽ നാലര രൂപ വിലക്കുറവാണിവിടെയുണ്ടായത്. ദിവസം പ്രതി ശരാശരി ഒരുലക്ഷം യൂണിറ്റ് വൈദ്യുതി ഉപയാഗിക്കുന്നുവെങ്കിൽ ആ വകയിൽ മാത്രം ദിനംപ്രതി ലാഭം നാലരലക്ഷം രൂപ. പ്രതിവർഷം പത്തുമുതൽ പതിനഞ്ചു കോടി രൂപവരെയാകും ഈ ലാഭം. കിലോക്ക് നാലുരൂപ മാത്രം ഉൽപാദനചിലവു വരുന്ന ഇവരുടെ ഉൽപന്നങ്ങൾ (ഇരുമ്പ്, മാംഗനീസ് തുടങ്ങിയ ഫെറോസിലിക്കേറ്റുകൾ) നാൽപതും അതിലേറെയും രൂപക്ക് ഇന്ത്യയുടെ മറ്റുഭാഗത്തേക്കും വിദേശങ്ങളിലേക്കും കയറ്റുമതി ചെയ്തും ഇവർ വൻലാഭമുണ്ടാക്കുന്നു. ഇത്രയും ലാഭം ഉറപ്പാക്കാനാവുന്ന ഒരു കരാറിൽ ഒപ്പിടാനായി രാഷ്ട്രീയക്കാർക്കും മന്ത്രിമാർക്കും ചില 'കോടി'കൾ നൽകുന്നതിൽ ഇവർക്കൊരു വിഷമവുമുണ്ടാകേണ്ട കാര്യമില്ലല്ലോ. മന്ത്രിമാർക്കു മാത്രമല്ല പല തട്ടുകളിൽപ്പെട്ട ഉദ്യോഗസ്ഥർക്കും മറ്റു ജനപ്രതിനിധികൾക്കും അകമഴിഞ്ഞ് 'സംഭാവന'നൽകാറുണ്ട്. ഒരു ജില്ലാ പൊലീസ് സൂപ്രണ്ടിന് കൈക്കൂലി നൽകിയ വിവരം പത്രങ്ങളിൽ വന്നു വിവാദമായി - അറസ്റ്റും റിമാന്റും ഉണ്ടായി. എലപ്പുള്ളിയിലെ ഈ കമ്പനിയുടെ കൂട്ടുടമസ്ഥരിൽ ഒരാൾ ഇടമലയാർ കേസിൽ ശിക്ഷിക്കപ്പെട്ട വൈദ്യുതിബോർഡ് അംഗമാണ്. പല 'സാമൂഹ്യക്ഷേമ'പരിപാടികളും ഇവർ നടത്താറുണ്ട്. ഒരു കമ്പനി 'വേദപാഠശാല' സ്ഥാപിക്കാൻ തയ്യാറായി. അതിന്റെ പരിപാടികളിൽ പങ്കെടുക്കാൻ മുൻ തെരഞ്ഞെടുപ്പുകമ്മീഷണർ ടി.എൻ.ശേഷനെ ക്ഷണിച്ച് സമ്മതവും വാങ്ങി. ചില നാട്ടുകാർ അദ്ദേഹത്തെ കാര്യങ്ങൾ ധരിപ്പിച്ചതിനാൽ ശേഷൻ വന്നില്ല. മൂവായിരത്തിലധികം പേർ ജോലി ചെയ്യുന്ന പൊതുമേഖലാസ്ഥാപനമായ ടി.സി.സി.വൈദ്യുതി ലഭിക്കാത്തതിനാലും വില കൂടിയതിനാലും നഷ്ടത്തിലേക്കും ലേ ഓഫിലേക്കും പോകുമ്പോഴും സർക്കാർ ഒരു മടിയുമില്ലാതെ ഈ സ്മെൽട്ടറുകാരെ സഹായിക്കുന്നതു വെറുതെയല്ലെന്നർത്ഥം.